**ആരോഗ്യവകുപ്പ് ഡയറക്ടറുടെനടപടിക്രമം**

---

വിഷയം:- ആവധ-ജീവനക്കാര്യം-ഡോ.ദീപ.കെ.എം,ജൂനിയർ കൺസൾട്ടന്റ് (പിഎംആർ) താലൂക്ക് ആസ്ഥാന ആശുപത്രി, പുനലൂർ- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA-1078/2025**നമ്പർ കേസിൻ മേലുള്ള **20/06/2025**ലെ വിധിന്യായം- അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **17/12/2024**-ലെ **EA.2-25603/2024/DHS** നമ്പർ നടപടിക്രമം.
**2.** ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **25/5/2025**-ലെ **DHS/9465/2025-EB3** നമ്പർ നടപടിക്രമം.
**3.** ജൂനിയർ കൺസൾട്ടന്റ് (പിഎംആർ) ഡോ.ദീപ.കെ.എം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച **4/6/2025**-ലെ ഹർജി.
**4.** ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്ട്രിബ്യൂണലിന്റെ **OA - 1078/2025** നമ്പർ കേസിൻ മേലുള്ള **20/06/2025** ലെ വിധിന്യായം.

**ഉത്തരവ് നം: DHS/16232/2025-EB3 തീയതി:** 23-07-2025

---

സിവിൽ സർജൻ ഡോ.ദീപ.കെ.എം-ന് പരാമർശം **1** പ്രകാരം ജൂനിയർ കൺസൾട്ടന്റ് (പിഎംആർ) ആയി പ്ലേയ്സ്മെന്റ് ലഭിച്ചു കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ നിയമനം ലഭിച്ചു. **2025**- ലെ പൊതു സ്ഥലം മാറ്റത്തിൽ ടിയാൾക്ക് പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ലഭിച്ചു. കണ്ണൂർ ജില്ലാ ആശുപത്രിയിൽ **01/06/2025** ൽ ഉണ്ടായ വേക്കൻസിയിലേക്ക് തന്നെ പരിഗണിക്കണമെന്നാവശ്യപ്പെട്ട് ടിയാൽ പരാമർശം **3** പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്കു ഹർജി സമർപ്പിച്ചു. ടിയാൽ ഈ വിഷയത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബൂണൽ മുൻപാകെ OA-1078/ 2025 ഫയൽ ചെയ്തു. ആയതിലെ പരാമർശം 4 വിധിന്യായത്തിൽ കണ്ണൂർ ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടൻറ് (പിഎംആർ) തസ്തികയിൽ നിലവിലെ ഒഴിവ് നികത്തുന്നതിന് മുമ്പായി അപേക്ഷകയുടെ ടി കേസിലെ അനുബന്ധം A7 പ്രകാരമുള്ള നിവേദനം പരിഗണിച്ചു ഒരു മാസത്തിനകം ആരോഗ്യവകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കണമെന്നു ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ പരാമർശം 4 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

2. താൻ 30/01/2025 ൽ ജൂനിയർ കൺസൾട്ടൻറായി കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചുവെന്നും 2025ലെ ജനറൽ ട്രാൻസ്ഫറിൽ പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയതിനാൽ 4/6/2025 ൽ ജോലിയിൽ പ്രവേശിച്ചെന്നും ജനറൽ ട്രാൻസ്ഫറിൻറെ കരട് പട്ടികയ്ക്കെതിരെ അപ്പീൽ നൽകിയിരുന്നുവെന്നും 55 വയസ്സായെന്നും താൻ Osteoarthritis Knee, Vericose vein, Chest Pain എന്നിവയ്ക്ക് ചികിത്സയിലാണെന്നും ദീർഘദൂരം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടാണെന്നും ആരോഗ്യവകുപ്പിൽ ഡോക്ടറായ ഭർത്താവ് പ്രമേഹത്തിനും ഹൃദയസംബന്ധമായ അസുഖത്തിനും ചികിൽസയിലാണന്നും വീട് കോഴിക്കോട് ജില്ലയിലായതിനാൽ തന്റെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ലന്നും പിതാവ് കാൻസറിന് ചികിൽസയിലാണന്നും ആയതിനാൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ 01/06/2025 ൽ ഉണ്ടാകുന്ന വേക്കൻസിയിലേക്ക് തന്നെ പരിഗണിക്കണമെന്നുമാണ് അനുബന്ധം A7 ഹർജിയിലെ ആവശ്യം.

3. ബഹു: ട്രിബൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ.ദീപ.കെ.എം ന്റെ പരാമർശം 3 ഹർജി വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വേങ്ങര സാമൂഹികാരോഗ്യകേന്ദ്രത്തിലെ സിവിൽ സർജൻ ആയിരുന്ന ഹർജിക്കാരിയെ പരാമർശം 1 ഉത്തരവ് പ്രകാരം പിഎംആർ വിഭാഗം ജൂനിയർ കൺസൾട്ടൻറ് തസ്തികയിലേക്ക് Placement നൽകി കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് നിയമിച്ചിട്ടുള്ളതാണ്. 2025 ലെ പൊതുസ്ഥലമാറ്റത്തിൽ പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ പിഎംആർ വിഭാഗം ജൂനിയർ കൺസൾട്ടൻറായ ഡോ. വിപിൻ വിജയൻ നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയതിനാൽ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രി ഒന്നാം ഓപ്ഷനായും കൊല്ലം ജില്ലാ ആശുപത്രി രണ്ടാം ഓപ്ഷനായും അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. പി എംആർ വിഭാഗം ജൂനിയർ കൺസൾട്ടൻറ് തസ്തികയിലെ സീനിയറായ മെഡിക്കൽ ഓഫീസറുടെ അപേക്ഷ പരിഗണിക്കുന്നതിനാണ് ഡോ.ദീപ.കെ.എം-നെ 2025 പൊതുസ്ഥലം മാറ്റത്തിൽ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും പുനലൂർ താലൂക്ക് ആസ്ഥാന

ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയത്. ഗുരുതര ഏതങ്കിലും അസുഖമോ, അപകടം മൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയോ ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടിവരികയോ, വിദഗ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലവൻ സാക്ഷ്യപ്പെടുത്തുമ്പോഴോ, ജീവനക്കാരന്റെ ഭാര്യയൊ (ജീവനക്കാരിയാണെങ്കിൽ ഭർത്താവിനോ) ഗുരുതരമായ രോഗം പിടിപെട്ട ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ചു കഴിയുന്ന മകനോ മകൾക്കോ മാതാവിനോ പിതാവിനോ ജീവനക്കാരന്റെ/ജീവനക്കാരിയുടെ സാന്നിദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന് അടിസ്ഥാനത്തിൽ വകുപ്പുതലവൻ സാക്ഷ്യപ്പെടുത്തുമ്പോഴോ ആണ് അനുകമ്പാർഹമായ കാരണത്താൽ സ്ഥലംമാറ്റത്തിന് അർഹതയെന്ന് **25/02/2017** ലെ സ.ഉ(സാധാ) **3/2017** ഉഭപവ നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്.എന്നാൽ ടിയാൾക്ക് മേൽപ്രതിപാദിക്കപ്പെട്ട ഗുരുതര അസുഖങ്ങൾ ഉള്ളതായി നിശ്ചിത ഫോറത്തിലെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കണ്ണൂർ ജില്ലാ ആശുപത്രിയിൽ **01/06/2025** ൽ ഉണ്ടായ വേക്കൻസിയിലേക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ഡോ.കെ.എം. ദീപയെക്കാൾ സ്റ്റേഷൻ സീനിയർ ആയവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡോ.ദീപ.കെ.എം സമർപ്പിച്ച അനുബന്ധം **A7** ഹർജിയിലെ ആവശ്യം അനുവദിക്കുവാൻ കഴിയില്ല. **A7** ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4.** ഇപ്രകാരം **OA-1078/ 2025** നമ്പർ കേസിലെ **20/06/2025** ലെ വിധിന്യായം അനുപാലിച്ച് ഉത്തരവാകുന്നു.

Signed by
Reena K J
Date: 23-07-2025 15:58:26

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

**1.**ഡോ.ദീപ.കെ. എം, ജൂനിയർ കൺസൾട്ടന്റ്(പിഎംആർ), താലൂക്ക ആസ്ഥാന ആശുപത്രി, പുനലൂർ,കൊല്ലം.

പകർപ്പ്:-

**1.**അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം).

**2.**അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം .

**3.**ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ.

**4.**ബന്ധപ്പെട്ട സ്ഥാപനമേധാവികൾ.

**5.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി.**